# തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് കാര്യാലയം

പാലോട്. പി.ഓ, മണ്ണാർക്കാട്, പാലക്കാട് - 678583

ddpthachanatukarapkd@gmail.com ☎ 04924 236236, ✆ 94960 47175


*ഫയൽ നം.* SC1/2457/2025 *തീയതി.* 29.03.2025

**പ്രേഷകൻ**

സെക്രട്ടറി

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്**

താലൂക്ക് സർവ്വെയർ

മണ്ണാർക്കാട്

സർ

**വിഷയം** : റീ സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**സൂചന** : 1) ശ്രീ ടി ഉണ്ണികമ്മു, താഴത്തേതിൽ വീട്, ചെത്തല്ലൂർ എന്നയാളുടെ കെട്ടിട നമ്പറിംഗന് വേണ്ടിയുള്ള അപേക്ഷ

2) 06.03.2025 തീയ്യതിയിൽ ചേർന്ന ജില്ലാതല സ്ഥിരം അദാലത്ത് സമിതിയുടെ നിർദ്ദേശം

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ തച്ചനാട്ടുകര 2 വില്ലേജിൽ സർവ്വേ 247/2-10 നമ്പറിലുള്ള സ്ഥലത്ത് ശ്രീ ടി ഉണ്ണികമ്മു S/O വീരാവുണ്ണി, താഴത്തേതിൽ വീട്, ചെത്തല്ലൂർ എന്നവർ വ്യാപാരാവശ്യത്തിനായി 34.70 $m^2$ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചതിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കാത്തതിനാൽ ഈ ഓഫീസിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിരുന്നില്ല. ടിയാൻ തന്റെ മുൻഭാഗത്തുള്ള 8 മീറ്റർ വീതിയുള്ള PWD റോഡ് വീതി കൂട്ടുന്ന സമയത്ത് റോഡിന് സ്ഥലം വിട്ട് നൽകിയിട്ടുണ്ടെന്നും, ആയതിനാലാണ് 3 മീറ്റർ അകലം വിടാൻ കഴിയാത്തത് എന്ന് അവകാശപ്പെടുന്നു . അപേക്ഷകൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാൻ റോഡിന് സ്ഥലം വിട്ട് നൽകിയത് സംബന്ധിച്ച് വ്യക്തതക്കായി താലൂക്ക് സർവ്വെയറിൽ നിന്നും റീ സർവ്വെ സ്കെച്ച് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം അദാലത്ത് സമിതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ ഈ പരാതിയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ടിയാന്റെ സ്ഥലത്തിന്റെ റീ സർവ്വെ സ്കെച്ച് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ